# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3292 **13.03.2017** -ൽ മറുപടിക്ക്

**മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതി**

<u>ചോദ്യം</u>

ശ്രീ. എസ്.ശർമ്മ
ശ്രീ.വി.ജോയി
ശ്രീ.എം.മുകേഷ്
ശ്രീ.എം.രാജഗോപാലൻ

<u>മറുപടി</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(രജിസ്ട്രേഷനും,മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഏതെല്ലാം വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങളാണ് ഇപ്രകാരം ഭിന്നശേഷി സൗഹൃദമാക്കുന്നത് ; | (ബി) | മ്യൂസിയവും മൃഗശാലയും വകുപ്പ്, പുരാവസ്തു വകുപ്പ്, പുരാരേഖ വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള മ്യൂസിയങ്ങളാണ് ഇപ്രകാരം ഭിന്നശേഷി സൗഹൃദമാക്കുന്നത്. |
| (സി) | ഇതിന്റെ ഭാഗമായി റേഡിയോ ഫ്രീക്വൻസി ഇന്ററാക്ടീവ് ഡിവൈസ് സംവിധാനം, ഗൈഡുകളുടെ സഹായത്തോടെ ബ്രെയിലി ലിപിയിൽ വിവരങ്ങൾ നൽകാനുള്ള സംവിധാനം എന്നിവ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; മറ്റെന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (സി) | അതെ. മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി മ്യൂസിയങ്ങളിൽ റാമ്പ്, വീൽചെയർ, ലിഫ്റ്റ്, പ്രത്യേകം തയ്യാറാക്കിയ ടോയ് ലെറ്റുകൾ, പ്രത്യേക വാഹനപാർക്കിംഗ് സ്ഥലം എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗൈഡുകളുടെ സേവനം, കാഴ്ച, കേഴ്വി വൈകല്യം ബാധിച്ചവർക്ക് പ്രത്യേക സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | സമയബന്ധിതമായി ഒരു വർഷത്തിനകം പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**